# തെരുവുനായ് നിയന്ത്രണത്തിനു കുടുംബശ്രീയും

തിരുവനന്തപുരം● തെരുവുനായ നിയന്ത്രണ പദ്ധതിയുമായി കുടുംബശ്രീയും.

പ്രത്യേകം തിരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ അയൽക്കൂട്ട വനിതകൾക്കു പരിശീലനം നൽകി സംരംഭക ഗ്രൂപ്പുകൾ രൂപീകരിക്കും. ഇവർ ഓരോ ബ്ലോക്കിലും പദ്ധതിയുമായി ബന്ധപ്പെട്ട മാനേജ്മെന്റ് യൂണിറ്റുകളായി പ്രവർത്തിക്കും.

ബ്ലോക്ക് പരിധിയിലുള്ള പഞ്ചായത്തുകളിലെ തെരുവുനായ്ക്കളെ നിയമപരിധിക്കു വിധേയമായി കൂടുവച്ചു പിടിച്ചു മൃഗാശുപത്രിയിൽ എത്തിച്ചു വന്ധ്യംകരണ ശസ്ത്രക്രിയയും ശസ്ത്രക്രിയാനന്തര പരിചരണവും ഉറപ്പാക്കുക എന്നതാണു ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകളുടെ ചുമതല.

പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ പാറക്കടവ്, അങ്കമാലി, പാമ്പാക്കുട ബ്ലോക്കുകളിൽ മൂന്നു ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അഞ്ചിന് ഈ മൂന്നു ബ്ലോക്കുകളിൽ പദ്ധതി ആരംഭിക്കും.

നായ്ക്കൾക്കു ശസ്ത്രക്രിയാനന്തര പരിചരണങ്ങൾ നൽകി ഇവയെ നിർദിഷ്ട സ്ഥലങ്ങളിൽ തിരികെ എത്തിക്കുന്നതിനുള്ള ചുമതല പരിശീലനം നേടിയ കുടുംബശ്രീ സംരംഭകർക്കായിരിക്കും.